# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മതിലകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.9)/120/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.9)/120/2023 തീയ്യതി: 10/04/2023

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 05-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത ടി. എസ്, ഓഡിറ്റ് ഓഫീസർ (09.01.2023 മുതൽ 16.01.2023 വരെ)
ശ്രീ. നിർമ്മൽ കെ. ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സീനത്ത് ബഷീർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എൻ.ജി.ദിനേശൻ | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി സീന.എം.ജെ | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 01-05-2021 | 25-06-2021 |
| ശ്രീ.മുഹമ്മദ് റഫീക്ക് കെ.ബി | സെക്രട്ടറി | 26-06-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സീന.എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ബൈജു ബേബി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സതീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജിത്ത് കൃഷ്ണൻ | മെഡിക്ക**ൽ** ഓഫീസ**ർ**, (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ. ലിജു കെ.എ**ൽ** | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹൃദ്യ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മെർലിൻ ജോസഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ചിപ്പി കാദർ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2021 | 05-12-2021 |
| ശ്രീമതി.ലീന | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 06-12-2021 | 31-03-2022 |
| ശ്രീ പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 19-04-2021 |
| ശ്രീമതി. അതുല്യ വി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-04-2021 | 31-03-2022 |
| ശ്രീമതി അൻസു അലക്സ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 01-04-2021 | 16-10-2021 |
| ശ്രീ.കണ്ണൻ പി.കെ | വില്ലേജ് | 17-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | | |
| ശ്രീമതി ആശ കെ.ആർ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടം സർക്കിൾ | 01-04-2021 | 17-10-2021 |
| ശ്രീ.രാജീവ് പി.എൽ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടം സർക്കിൾ | 18-10-2021 | 31-10-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡി.സി.ബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-2-2 |
| 14 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല | 1-10-2-3 |
| 15 | വസ്തുനികതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-3 |
| 16 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-4 |
| 17 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-5 |
| 18 | വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-10-6 |
| 19 | സംശയാസ്പദമായ തുകകൾക്ക് അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-7 |
| 20 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-8 |
| 21 | ജേണൽ വൗച്ചർ-സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല | 1-10-9 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-10 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-11 |
| 24 | Capital Work In Progress-ജേണൽ വൗച്ചർ ഹാജരാക്കിയില്ല | 1-10-12 |
| 25 | " Capital Contribution" :-31/3/2021 ലെ തുക തന്നെ 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നു | 1-10-13 |

| | | |
|---|---|---|
| 26 | രസീതി പരിശോധന-അപാകതകൾ | 1-11 |
| 27 | തൊഴിൽനികുതി | 1-12 |
| 28 | കാലപ്പഴക്കം ചെന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ലേലം ചെയ്ത് പൊളിച്ച മാറ്റൽ-തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-13 |
| 29 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 30 | ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ -വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് | 1-15 |
| 31 | ഇ.വി.ജി.റോഡിൽ കാന നിർമ്മാണം - പൊളിച്ചെടുത്ത കരിങ്കല്ല് ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 32 | വസ്തുനികുതി നിർണ്ണയം-അപാകതകൾ | 1-17 |
| 33 | വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് | 1-18 |
| 34 | സാമൂഹ്യ സുരക്ഷാപെൻഷൻ | 1-19 |
| 35 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതി-അപാകതകൾ | 1-20 |
| 36 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി | 1-22 |
| 38 | ഭവന പുനരുദ്ധാരണം:-അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി | 1-23 |
| 39 | പി.എം.എ.വൈ വിഹിതം-അധിക തുക കൈമാറി | 1-24 |
| 40 | ഭവന പുനരുദ്ധാരണത്തിന് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-25 |
| 41 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 42 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-27 |
| 43 | സ്വകാര്യ വ്യക്തിയുടെ സ്ഥലത്തെ കാന നിർമ്മാണം-ആസ്തി വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-28 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 223980129 | 211922761 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21.02.2022, തീരുമാനം നം. 2 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 213668126 | 207127967 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | അപാകതപരിഹരിച്ച് പുന:സമർപ്പിച്ച തീയതി |
|---|---|
| 31.07.2022 | 05.11.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 20150496.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 88817139.00 |
| ആകെ | 108967635.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83884469.00 |
| നീക്കിയിരിപ്പ് | 25083166.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17617077 | 17617077 | 17277932 | 339145 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7014744 | 7014744 | 6772667 | 242077 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7547000 | 7547000 | 7546991 | 9 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5715591 | 5715591 | 5400855 | 314736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic)(ACR പ്രകാരം) | 0 | 4097598 | 4097598 | 3274820 | 822778 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ACR പ്രകാരം) | 0 | 6454591 | 6454591 | 4812446 | 1642145 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 185 | 98278115 | 111 | 63317616 | 38 | 36 | 60% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3849200.00 | 222 |
| വിധവാ പെൻഷൻ | 21851800.00 | 1406 |
| വാർദ്ധക്യകാല പെൻഷൻ | 32425000.00 | 2286 |
| വികലാംഗ പെൻഷൻ | 4987500.00 | 324 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1036400.00 | 65 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000.00 | 6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 754075 | 754075 | 754072 | 03 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26710684 | 26710684 | 26710684 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-01-2023 തീയതിയിൽ 3:25 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4144/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.07/11.01.2023)

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) (ഓഡിറ്റ് എൻക്വയറി നം. 07/11/01/23)

### 1-10-2 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

1-10-2-1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3027517 | 3018474 | 17398 | 1080 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3027517 | 3015645 | 17398 | *1080 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1134/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് |

| | | | | |
|---|---|---|---|---|
| | | | | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-2-2 വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡി.സി.ബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2755054 | 2465013 | 16242 | 279107 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2755054 | 2463903 | 16242 | *279107 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(293063 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

### 1-10-2-3 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 153708 | 594 | 154302 | 153107 | 0 | 153107 | 1006 | 0 | 54 | 594 | 648 |
| | നോൺ-റെസിഡൻഷ്യൽ | 138497 | 127553 | 266050 | 123930 | 0 | 123930 | 865 | 0 | 13956 | 127553 | 141509 |
| | ആകെ | | | 420352 | | | 277037 | 1871 | 0 | 142157 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 421662 | | | 277037 | | | 0 | 153704 | 142157 | | |
| | | 128724+292938 = (2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies. ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | | | (431910101 -State Govt. Cess/levies.. ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ:1-11, 1-11-1, 1-11-2 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2985101/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 142148/- (2985101/105X5)ആണ്. എന്നാൽ ഈ ശീർഷകത്തിൽ 142157/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-3 വസ്തുനികതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മതിലകം ഗ്രാമപഞ്ചായത്തിൽ 214 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (31.03.2022-ൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ) | 130100101-Rent From Building | 77872 | 31.03.2022 | 42100663 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡി&ഒ ഡിമാന്റ് രജിസ്റ്റർ

2. ലൈബ്രറി രജിസ്റ്റർ

3. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-6 വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 199450 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 115550 |
| 3 | വാടക | 350410401-Advance Collection Of Revenues-Rent From Building | 1778 |
| 4 | മറ്റിനങ്ങൾ | 350410999-Advance Collection Of Revenues-Other Revenues | 3667 |

## 1-10-7 സംശയാസ്പദമായ തുകകൾക്ക് അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.

26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-8 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "190100101-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax On Residential Buildings | 911 |
| 190100102-Prior Period Income-Property Tax On Non Residential Buildings | 1050 |
| 190200201-Prior Period Income-License Fees | 7175 |
| 190300403-Prior Period Income-Recovery Of Excess Salary And Wages Withdrawal | 278 |

### 1-10-9 ജേണൽ വൗച്ചർ-സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4932670/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11894275/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-12 Capital Work In Progress-ജേണൽ വൗച്ചർ ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 0/- രൂപയാണ്. എന്നാൽ 31/3/2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 11(b) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 303882/- രൂപയാണ്.

### 1-10-13 " Capital Contribution" :-31/3/2021 ലെ തുക തന്നെ 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നു

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ 78549870/- എന്ന അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-11 രസീതി പരിശോധന-അപാകതകൾ

കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 1418, 1420 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

രസീതി ബുക്ക് നമ്പർ 1418 ൽ 78 മുതൽ 100 വരെയുള്ള രസീതികളിലായി ഗ്രോബാഗ് ഗുണഭോക്തൃവിഹിതം ഇനത്തിൽ 18/3/2022 തീയതീയിൽ 16960/- രൂപയും, രസീതി ബുക്ക് നമ്പർ 1420 ൽ 50 മുതൽ 54 വരെയുള്ള രസീതികളിലായി ജാതിത്തൈ ഗുണഭോക്തൃവിഹിതം ഇനത്തിൽ 21/3/2022 തീയതീയിൽ 1437.5/- രൂപയും ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച രസീതികളിൽ കാർബൺ ഉപയോഗിക്കാതെയാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 3, തീയതി 7/01/2023) മാർച്ച് മാസത്തിലെ തിരക്കുമൂലം കാർബൺ ഉപയോഗിക്കാൻ വിട്ടുപോയതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. നിർവഹണഉദ്യോഗസ്ഥർ പഞ്ചായത്തിനുവേണ്ടി പണം സ്വീകരിക്കുമ്പോൾ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2) സി-യിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-12 തൊഴിൽനികുതി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

1) 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യാത്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 11/12.01.2023) മറുപടി ലഭ്യമായില്ല. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. രഞ്ജിത്ത് ടി
2. കെ. കെ രാധാകൃഷ്ണൻ
3. ശ്രീരാജ് ടി
4. സജീവൻ പി. എ
5. കെ. കെ മുരളി
6. കെ. ബി സത്യൻ

7. ഷെനിൽ കെ. എസ്
8. സിജിൽകുമാർ ഇ. ജി
9. ഷാജി എസ്. എസ്
10. ടി. എം സിഹാസ്
11. റിഥിൻ ബാബു
12. റഫീക്ക് വി. എച്ച്
13. വി. ഡി രാജീവ്

2) വിവിധ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| RCM സൂപ്പർ മാർക്കറ്റ് ഡിപ്പോ | 3 |
| യൂണിവേഴ്സൽ കമ്പ്യൂട്ടർ പേപ്പർ | 4 |
| ഗ്ലോറി ഇൻഡസ്ട്രീസ് | 10 |
| മാർക്ക് ആന്റ് സേഫ് ട്രേഡ്സ് & സർവീസസ് പ്രൈ. ലിമിറ്റഡ് | 5 |
| മുസിരിസ് കോക്കനട്ട് പ്രോഡക്ട്സ് | 3 |
| ഇ-മിനി സൂപ്പർ മാർക്കറ്റ് | 3 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 12/12.01.2023) മറുപടി ലഭ്യമായില്ല. തൊഴിൽനികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 കാലപ്പഴക്കം ചെന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ലേലം ചെയ്ത് പൊളിച്ചു മാറ്റൽ-തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ കാലപ്പഴക്കം ചെന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം [വാർഡ് 7/182, 183, 184, 185, 186, 187, 188, 189] പൊളിച്ചു മാറ്റുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബഹു. പഞ്ചായത്ത് ഡയറക്ടറുടെ അനുവാദം വാങ്ങിക്കുന്നതിനും ആയത് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. [21.2. 22 ലെ 7 ൽ 1 തീരുമാനം] സെക്രട്ടറി തുടർ നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ട് [നം. PAN/ 5111/ 2022- C 1 (DP) തിയതി 7.6.22]. ബ്ലോക്ക് അസി. എക്സി. എഞ്ചിനീയർ നിർണ്ണയിച്ച 29572/- രൂപ വാല്യുവേഷൻ തുകയിൽ കുറയാതെ പരസ്യ ലേലം നടത്തി കെട്ടിടം പൊളിച്ചു മാറ്റുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-14 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങൾ [വാർഡ് 7 / 182, 183, 184, 185, 186, 187, 188, 189] പഞ്ചായത്ത് ലൈസൻസ് എടുത്തതിന്റെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [നം.15/ 13.1.23] മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തുവെന്ന് ഉറപ്പു വരുത്താതിരുന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-15 ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ -വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

31-10-2017-ലെ GO (P) No. 80/2017/LSGD പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്ഥാപനങ്ങളെ അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനു പകരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടായിരിക്കണം ലൈസൻസ് ഫീസ് ഈടാക്കേണ്ടത് എന്നു വ്യക്തമാക്കുന്നു. 2021-22 വർഷത്തിൽ 511 ലൈസൻസ് അപേക്ഷകൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ലൈസൻസ് അപേക്ഷകളിൽ ഭൂരിഭാഗത്തിലും മൂലധന നിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. അപേക്ഷകൾ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലും സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം, ഉത്പാദനം, സേവനം എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലും തീർപ്പ് സംബന്ധമായി സെക്രട്ടറിയുടെ ഉത്തരവുകളൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.

3. ഏതാനും അപേക്ഷകളോടൊപ്പം 2020-21 വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ച ലൈസൻസ് സൂക്ഷിച്ചു കാണുന്നില്ല.

4. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 09.07.2021-ലെ ആർ.സി.3/228/2020/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ലൈസൻസുകൾ പുതുക്കുമ്പോൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത്തരം അപേക്ഷകളിന്മേൽ ശരിയായ ഫീൽഡ് പരിശോധന നടത്തിയാണോ ശുപാർശ ചെയ്യുന്നത് എന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ലൈസൻസി | ഈടാക്കിയ ലൈസൻസ് ഫീ | റിമാർക്ക്സ് |
|---|---|---|---|
| 1. | ജീവൻ പൂവ്വത്തും കടവിൽ<br>കൃഷ്ണ ഫയർ വർക്സ്<br>8 / 566 C | 1000 | മൂലധന നിക്ഷേപം,<br>സെക്രട്ടറിയുടെ തീരുമാനം<br>എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 2. | ശ്രീ. വിനായക<br>ഫ്യുവൽസ്<br>S.N പുരം 9/ 259 ബി<br>/സി<br>പെട്രോൾ പമ്പ് | 1000 | 7.12.15 മുതൽ 31.3.2016 വരെയുള്ള ലൈസൻസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 3. | സുരേന്ദ്രൻ സി.ബി<br>ചാണാശ്ശേരി വീട്<br>വള്ളിവട്ടം<br>VIII/ 456, 460, 461, 462<br>പെയിന്റ്, ഹാർഡ് വെയർ | 500 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 4. | സലീം സി. കെ<br>ചേനെഴുത്തു പറമ്പിൽ<br>Iv/ 201D, 201E<br>ഹാർഡ് വെയർ,<br>സാനിറ്ററിസ്, Pvc<br>പൈപ്പ്സ്, പെയിന്റ് | 500 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.2020-21 ലൈസൻസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 5. | ഡോ. പി.കെ ശശിധരൻ പുന്നയ്ക്കൽ വീട് 15/ 308 വെൽ നോൺ ഫാർമസ്യൂട്ടിക്കൽസ് | 300 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2020-21 ലൈസൻസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 6. | ഷാജി വി.എസ് വലിയ പറമ്പിൽ കുളിമുട്ടം 16/ 370 പെട്രോൾ പമ്പ് വലിയ പറമ്പിൽ ഫ്യുവൽ സ് | 2000 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2020-21 ലൈസൻസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 7. | അബ്ദുൾ റഷീദ് മുളംപറമ്പിൽ X11/ 247 A മൂലധന ചെലവ് രേഖപ്പെടുത്തിയിട്ടില്ല 2019 -20 ലെ ലൈസൻസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. | 300 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2019 -20 ലെ ലൈസൻസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. |
| 8. | മണപ്പുറം ഹെൽത്ത് കെയർ ലാബ് X /614 2020- 21 ലൈസൻസ് അപേക്ഷയോടൊപ്പമില്ല. | 500 | മൂലധന നിക്ഷേപം,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2020- 21 ലൈസൻസ് അപേക്ഷയോടൊപ്പമില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [10/12.1.23] ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 6 ഒഴികെയുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി നമ്പർ സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതാണെന്നും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതെ ഫയലുകൾ കൈകാര്യം ചെയ്യുന്നതാണെന്നും മറുപടിയിൽ പറയുന്നു. മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ലൈസൻസ് അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ഇ.വി.ജി.റോഡിൽ കാന നിർമ്മാണം - പൊളിച്ചെടുത്ത കരിങ്കല്ല് ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 119/ 21-22

എം.ബി. നമ്പർ 221/ 21 - 22

കോൺട്രാക്ടർ :രാധാകൃഷ്ണൻ കെ.കെ

Agmt: No. 34/ AE/ LID& EW/ MKM/ 21-22 Dt.20.12.21

മേൽ പ്രവൃത്തിയുടെ ഭാഗമായി 5.25 $M^3$ കരിങ്കല്ല് പൊളിച്ചെടുത്തത് [എം.ബി പേജ് നം.2] ലേലം ചെയ്യുന്നതിന്, അസി. എഞ്ചിനീയറുടെ 119/21 - 22 Dt. 24.3.22 നം.കത്ത് മുഖേന സെക്രട്ടറിക്ക് കൈമാറിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അസി. എഞ്ചിനീയർ ലഭ്യമാക്കിയ വാല്യേഷൻ റിപ്പോർട്ട് പ്രകാരം 6695/- രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. ലേല നടപടിക്രമവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് തിയ്യതി വരെയും ലേലം നടന്നതായി രേഖയില്ല. പ്രസ്തുത മെറ്റീരിയൽ [റബിൾ]

ലേലം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് [16/13.1.23] മറുപടി ലഭ്യമാക്കിയില്ല.

1-17 വസ്തുനികുതി നിർണ്ണയം-അപാകതകൾ

1 ) വിസ്തീർണ്ണങ്ങൾ പൊരുത്തപ്പെടുന്നില്ല

നമ്പറിങ്ങ് ഫയൽ പരിശോധനയിൽ ഫയലിൽ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വിസ്തീർണ്ണത്തിലും കുറവായി സഞ്ചയയിൽ രേഖപ്പെടുത്തുന്നതുമൂലം വസ്തുനികുതി ഇനത്തിൽ കുറവു സംഭവിക്കുന്നുണ്ട്. മേൽ നോട്ട ചുമതലയുള്ള ജീവനക്കാർ ഇതിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതാണ്.

| കെട്ടിട നമ്പർ | വിസ്തീർണ്ണം (പ്ലാൻ പ്രകാരം) | വിസ്തീർണ്ണം (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) |
|---|---|---|
| IV/99 | 128.14 എം$^2$ | 93 എം$^2$ |
| IV/139 | 59.68 എം$^2$ | 42 എം$^2$ |
| IX/272 | 115.48 എം$^2$ | 105 എം$^2$ |

അധികരിച്ച വിസ്തീർണ്ണം ക്രമവൽക്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം. 17/13-01-2023)

2)കെട്ടിടങ്ങളുടെ ഒക്യുപ്പൻസി, നികുതി വിവരങ്ങൾ എന്നിവ ലഭ്യമായില്ല

A) ഫയൽ നമ്പർ A4/4130/2021

സലിം & ഹസീന തോട്ടുപ്പിള്ളി വീട് എന്നവർ 35.13 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ നമ്പറിങ്ങിനായി സമർപ്പിച്ച ഫയൽ പരിശോധനയിൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 140.25 എം$^2$ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, ടി കെട്ടിടത്തിന് നമ്പർ, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

B)ഫയൽ നമ്പർ A4/3431/2021

ഷൺമുഖൻ വലിയപറമ്പിൽ എന്നവർ റെഗുലറൈസേഷനായി സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള കെട്ടിടം 1 - 420 എം$^2$

നിലവിലുള്ള കെട്ടിടം 2 -17 എം$^2$

നിലവിലുള്ള കെട്ടിടം 3 -4 എം$^2$

നിലവിലുള്ള കെട്ടിടം 2 ന് ഒക്യുപ്പൻസി, നമ്പർ എന്നിവ അനുവദിച്ചതിന്റെ വിവരം എന്നിവ ലഭ്യമായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:17, തീയതി :13/01/2023) മറുപടി ലഭ്യമായില്ല.

പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ റഗുലറൈസേഷൻ/നമ്പറിങ്ങ് എന്നിവ നടത്തുമ്പോൾ പ്ലാനിൽ സൂചിപ്പിച്ചിരിക്കുന്ന നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കൂടി സ്ഥാപനത്തിലെ രേഖകളുമായി ഒത്തുനോക്കേണ്ടതും വ്യത്യാസം ബോധ്യപ്പെട്ടാൽ പരിശോധന നടത്തി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3)റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി

ഫയൽ നം. A4/1298/2021

ഫയൽ പരിശോധനയിൽ 23.31 എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ റഗുലറൈസേഷൻ ഫീ 20 രൂപ നിരക്കിൽ ഈടാക്കേണ്ടതിനുപകരം 10 രൂപ നിരക്കിൽ ഈടാക്കിയതായി ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:17, തീയതി :13/01/2023).

## 1-18 വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്

ഫയൽ നമ്പർ SC2-2458/2021

പ്രസിഡന്റ്, ജമാ അത്ത് മസ്ജിദ്, മതിലകം എന്നവർ 43.75 എം$^2$ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ച ഫയൽ പരിശോധനയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Existing Ground Floor | 89.68 എം$^2$ |
| Existing First Floor | 89.68 എം$^2$ |
| Existing Second Floor | 15.68 എം$^2$ |
| Completed Ground Floor | 43.75 എം$^2$ |
| Total | 238.79 എം$^2$ |

ടി കെട്ടിടത്തെ 200 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ, 200എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്നീ വ്യത്യസ്ത ഉപയോഗക്രമത്തിൽപ്പെടുത്തി താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം | അടിസ്ഥാന നികുതി |
|---|---|---|---|
| 10/275 E | 43.75 എം$^2$ | 200 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ | 80 രൂപ |
| 10/275D | 24.192 എം$^2$ | 200 എം$^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ | 80 രൂപ |
| 10/275A | 65.488 എം$^2$ | 200 എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ | 50 രൂപ |
| 10/275C | 41.76 എം$^2$ | 200 എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ | 50 രൂപ |

239.79 എം$^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ ഭാഗിക വിസ്തീർണ്ണം 200 എം$^2$ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്/മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:17, തീയതി :13/01/2023) മറുപടി ലഭ്യമായില്ല. കെട്ടിടത്തിന്റെ നികുതി ചട്ടപ്രകാരം പുനർനിർണ്ണയിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 സാമൂഹ്യ സുരക്ഷാപെൻഷൻ

സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയൽ, സേവന പോർട്ടൽ, എന്നിവയുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളിൽ പലർക്കും പെൻഷൻ തുടർന്നും നൽകിയതായി കാണുന്നുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ (തരം) | മരണം നടന്ന തീയതി | ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയത് |
|---|---|---|---|
| റോസ | വാർദ്ധക്യകാല പെൻഷൻ | 22/11/2021 | 2022 ഏപ്രിൽ |
| ദമയന്തി | കർഷക തൊഴിലാളി | 7/9/2021 | 2022 ഏപ്രിൽ |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| കുഞ്ഞിക്കാളി | വാർദ്ധക്യകാല പെൻഷൻ | 25/11/2020 | 2022 ഏപ്രിൽ |
| അബ്ദുൾകരീം പി.ബി | വാർദ്ധക്യകാല പെൻഷൻ | 22/6/2021 | 2022 ഏപ്രിൽ |

സർക്കാർ ഉത്തരവ് നം.97/2020/ധന, തിയതി 23.9.20 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കാൻ തദ്ദേശ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും കൃത്യസമയത്ത് ഒഴിവാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. അനർഹരുടെയും മരണപ്പെട്ടവരുടെയും വിവരം പരിശോധിച്ച് കാലതാമസം കൂടാതെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനധികൃതമായി നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും സർക്കുലർ നം. 63/2021/fin. തീ. 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതി-അപാകതകൾ

പദ്ധതി നം : 161/2021-22 (SO)
പദ്ധതിയുടെപേര് : ബയോഫ്ലോക്ക് മത്സ്യകൃഷി
നിർവഹണോദ്യോഗസ്ഥൻ : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
അടങ്കൽ തുക : 1303444/-
ചെലവ് തുക : 107444/- (വികസന ഫണ്ട് -ജനറൽ)
ബിൽ നം./തീയതി :

BRN No.21230352018800574788/28-10-2021

മേൽ പദ്ധതിയിൽ ശ്രീ. ഷിൻടെക് കെ. എ, കോളംവീട്ടിൽ എന്നവർക്ക് 33844/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ (സാ.ധാ)നം.1009/2020/ത.സ്വ.ഭ.വ, തീയതി.29/5/2020, സുഭിക്ഷകേരളം പദ്ധതി ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ ഖണ്ഡിക 4.5 പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടുംബവാർഷിക വരുമാനം 5 ലക്ഷംരൂപവരെ ഉള്ളവർക്കാണ് ആനുകൂല്യങ്ങൾക്ക് അർഹത. ഫയൽ പരിശോധനയിൽ വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ 17/7/2021-ലെ നം.56907383 വരുമാന സർട്ടിഫിക്കറ്റിൽ ശ്രീ. ഷിൻടെക് കെ. എ, എന്നവരുടെ കുടുംബവാർഷികവരുമാനം 535356/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള കുടുംബവാർഷിക വരുമാനത്തിൽ അധികരിച്ച വരുമാനമുള്ള വ്യക്തിക്ക് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:8, തീയതി : 11/01/2023) ലഭ്യമായ മറുപടിയിൽ തൊഴിൽരഹിതരായ വ്യക്തികൾക്ക് വരുമാനമാർഗ്ഗം നല്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി സ്പിൽ ഓവർ ആക്കിയപ്പോൾ 28 പേർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്നും ശ്രീ. ഷിൻടെക് കെ. എ എന്ന വ്യക്തി മാത്രമാണ് തയ്യാറായതെന്ന് അറിയിച്ചിട്ടുണ്ട്. ടിയാന്റെ മാതാവ് സഹകരണബാങ്ക് ഉദ്യോഗസ്ഥയായതിനാലാണ് കുടുംബവാർഷിക വരുമാനം 5 ലക്ഷം എന്നപരിധിയിൽ അധികരിച്ചതെന്നും മറ്റാരും പദ്ധതി ചെയ്യാൻ തയ്യാറല്ലാത്തതിനാലാണ് ഗുണഭോക്താവായി ടിയാനെ തെരഞ്ഞെടുത്തതെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ അർഹതാമാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1.പ്രോജക്ട് നം. 29/22
കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ : 200000

ചെലവ് : 200000

കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ടിൽ 136134 രൂപ (ബിൽ നം. 29/31.1.2022)

മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 31126 രൂപയുടെ മരുന്നുകൾ കൂടി ഈ പ്രോജക്ടിൽ ലഭ്യമാവാനുണ്ട്.

2. പ്രോജക്ട് നം. 28/22
പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

ട്രഷറി ബിൽ നം. 18/2021-22 Dtd. 12.11.21 - 129818/-

ട്രഷറി ബിൽ നം. 35/2021-22 Dtd. 21.2.22 – 70000/-

ട്രഷറി ബിൽ നം. 27/2021-22 Dtd.27.3.22 – 46149/-

പെയിൻ ആന്റ് പാലിയേറ്റീവ്-പദ്ധതിൽ 245967 രൂപ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് [നം.9/11.1.23] ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 15788 രൂപയുടെ മരുന്നുകൾ കൂടി ഈ പ്രോജക്ടിൽ ലഭ്യമാവാനുണ്ട്.

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം. 90/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

അടങ്കൽ 625000

ചെലവ് 625000 ബിൽ നം. 3/28.10.2022

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പലാക്കിയ മേൽ പദ്ധതിയിൽ 50 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരുന്നു. ഗുണഭോക്താക്കളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾ അതത് തിയ്യതികൾക്ക് ശേഷം കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ശ്രീമതി സുനന്ദ ശിവരാമൻ, തായ് വളപ്പിൽ, സത്യൻ നെടിയിരിപ്പിൽ എന്നിവർ ആരംഭം മുതലും ജീവനാഥ് രാജ് തോപ്പിൽ 18.6.22 ന ശേഷവും അനൂപ് ചെന്നറ 22.8.22 ന ശേഷവും കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ഇവർ പദ്ധതിയിൽ തുടരാത്ത കാലയളവിലെ വിഹിതം പദ്ധതി തീരുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരികരിക്കേണ്ടതാണ്.

## 1-23 ഭവന പുനരുദ്ധാരണം:-അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി

വി.ഇ.ഒ. കുളിമുട്ടം (സർക്കിൾ) നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതി (നം.72/22) പ്രകാരം ശ്രീമതി ഫാത്തിമ, ആലിപറമ്പത്ത് എന്ന ഗുണഭോക്താവിന് 25000/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.07/21-22/04.10.2021) ഫയൽ പരിശോധനയിൽ ലഭ്യമായ റേഷൻ കാർഡിലെ (നം.1845046076) വിവരം പ്രകാരം ടിയാരിയുടെ കുടുംബത്തിൽ സർക്കാർ ജോലിയുള്ള അംഗം ഉള്ളതായി കാണുന്നു. ടിയാരിയെ ഗുണഭോക്താവായി തെരഞ്ഞെടുത്തതിനും തുക നൽകിയതിനും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05 /07.01.2023) ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് തല അന്വേഷണത്തിൽ അർഹതയുള്ള ഗുണഭോക്താവായി ബോദ്ധ്യപ്പെട്ടതിനാലാണ് (വീട് ഓട് വീടാണെന്നും വളരെ ശോചനീയാവസ്ഥയിലാണെന്നും കണ്ടതിന്റെ അടിസ്ഥാനത്തിൽ) തുക നൽകിയത് എന്നും, പിന്നീടാണ് മൂത്തമകന്റെ ഭാര്യയ്ക്ക് സർക്കാർ ജോലിയുള്ളതായി ശ്രദ്ധയിൽപ്പെട്ടതെന്നും അവർ വേറെയാണ് താമസിക്കുന്നതെന്നും ഉടൻ തന്നെ തിരിച്ചടപ്പിക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്ത് (തീരുമാനം ലഭ്യമാക്കിയിട്ടില്ല) ഗുണഭോക്താവിന് കത്ത് നൽകിയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. കൂടാതെ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടുമില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പി.എം.എ.വൈ വിഹിതം-അധിക തുക കൈമാറി

സെക്രട്ടറി നടപ്പിലാക്കിയ പി.എം.എ.വൈ വിഹിതം എന്ന പദ്ധതി പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന് 440000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.11.2021-ലെ ബി-1045/2021(1) നം. കത്ത് പ്രകാരം 300000/- രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ തുക നൽകേണ്ടത് വി.ഇ.ഒ യുടെ ശുപാർശ പ്രകാരം മാത്രമേ കൈമാറാവൂ എന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വി.ഇ.ഒ യുടെ 22.11.2021 ലെ ശുപാർശ പ്രകാരവും 300000/- രൂപയാണ്. എന്നാൽ നൽകിയത് 440000/- ആണ്. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 02/06.01.2023).

ബിൽ നം. 18/21-22/08.12.2021 210000/-

ബിൽ നം. 29/21-22/17.02.2022 230000/-

വി.ഇ.ഒ യുടെ 22.11.2021 ലെ ശുപാർശ പ്രകാരം തുക നൽകേണ്ടത് താഴെ പറയുന്നവർക്കാണ്.

1. മോഹനൻ.പി.സി 70000/-

2. അനിത കണ്ണൻ 70000/-

3. ഷീജ പ്രദീപ് 20000/-

4. സുനിത സന്തോഷ് 70000/-

5. തങ്കമണി ഹരിദാസൻ 70000/-

300000/-

ബ്ലോക്ക് പഞ്ചായത്തിലേക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-25 ഭവന പുനരുദ്ധാരണത്തിന് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

വി.ഇ.ഒ. കുളിമുട്ടം (സർക്കിൾ) നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതി (നം. 36/21) പ്രകാരം ശ്രീ. കൊച്ചുമുഹമ്മദ്, കണക്കശ്ശേരി 25000/- രൂപ 29.01.2021 ന് കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 05 /07.01.2023) 09.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥലം നാഷണൽ ഹൈവെ അക്വസിഷനിൽ ഉൾപ്പെട്ടതാണെന്ന് തിരിച്ചറിയുകയും ഉടൻ തന്നെ തുക തിരിച്ചടപ്പിക്കുന്നതിന് കമ്മിറ്റി തീരുമാനം എടുക്കുകയും (നം.17/14.09.2021) തുക തിരിച്ചടക്കുന്നതിന് ഗുണഭോക്താവിന് കത്ത് നൽകുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ നാളിതുവരെ തുക തിരിച്ചടച്ചതായി കാണുന്നില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.മതിലകം (സർക്കിൾ) നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ഭവന നിർമ്മാണം പണിപൂർത്തീകരിച്ചില്ല. പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 06/07.01.2023)

| പദ്ധതി നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|
| | | തിയതി | തുക | |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം, 32/22 | 400000/- | 19.09.2018<br>1010.2018<br>01.04.2021 | 40000<br>160000<br>100000<br>300000 | ഷീല അശോകൻ |

| | | | | |
|---|---|---|---|---|
| | | 05.08.2021<br>01.09.2021<br>12.01.2022 | 40000<br>160000<br>100000<br>300000 | വാസുദേവൻ മണപ്പാട്ട് |
| | | 22.09.2021<br>11.02.2022 | 40000<br>160000<br>200000 | റാണി പവിത്രൻ |
| | | 20.11.2021<br>12.01.2022<br>11.02.2022 | 40000<br>160000<br>100000<br>300000 | ശ്രീമതി വാസു |
| | | 02.03.2023 | 40000 | മീന വിജയൻ |
| | | 05.03.2022<br>12.01.2022 | 40000<br>160000<br>200000 | പ്രകാശൻ |
| | | 05.03.2023 | 40000 | ഗിരീഷ് എം. എസ് |
| | | 05.03.2023 | 40000 | മല്ലിക |

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി നം./പേര് | ബിൽ നം. | തുക | അപാകത |
|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ, 07/22 | 11/21-22/06.10.2021 | 77000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| ക്യാൻസർ രഹിത തൃശ്ശൂർ, 09/22 | 24/21-22/10.02.2022 | 200000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ, 127/22 | 22100117/25.10.2021<br>22100579/17.02.2022 | 1783500/-<br>283700/- | തുക KSEB മതിലകത്തിനും, പെരിഞ്ഞനത്തിനുമായിട്ടാണ് നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 12-ാം വാർഡിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, 211/22 | 22100390/20.01.2022<br>22/21-22/27.01.2022 | 7064/-<br>36420/- | തുക KSEB മതിലകത്തിനാണ് നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| ഘടക സ്ഥാപനങ്ങളിലേയ്ക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ, | 35/21-22 /25.03.2022 | 605000/- | കുളിമുട്ടം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മുകളിൽ സ്ഥാപിക്കുന്നതിനാണ് തുക |

| | | | |
|---|---|---|---|
| 230/22 | | | ANERT-ന് നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

1-28 സ്വകാര്യ വ്യക്തിയുടെ സ്ഥലത്തെ കാന നിർമ്മാണം-ആസ്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
പ്രൊജക്റ്റ് നം. 171/21-22
രാഗം ക്ലബ്ബ് - മതിലകം കുളിമുട്ടം റോഡിൽ കാന നിർമ്മാണം - വാർഡ് 13
എം.ബി. നമ്പർ 203/ 21 - 22
കോൺട്രാക്ടർ : രാജീവ് വി.ഡി. വാഴൂർ
Agmt: No. 29/ AE /LID EW MKM 21-22 Dt.15.12.21

പ്രസ്തുത പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് രാമൻ കുളത്ത് നാരായണൻ കുട്ടി എന്നവരുടെ സ്ഥലത്ത് നിലവിലുള്ള കുളത്തിലേക്ക് പരിസരത്തുള്ള വെള്ളം ഒഴുക്കി വിടുന്നതിന് 85 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഡ്രെയിൻ നിർമ്മിക്കുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സൈറ്റ് പ്ലാൻ അനുസരിച്ച് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് 30 മീറ്റർ നീളത്തിൽ കാന നിർമ്മിക്കുന്നുണ്ട്. 340961/- രൂപ ചെലവിൽ പ്രവൃത്തി പൂർത്തീകരിച്ചു.

സ്വകാര്യ വ്യക്തിയുടെ സ്ഥലത്തെ നിർമ്മാണം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. പ്രൊജക്ടിൽ ആസ്തി നമ്പർ ചേർത്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [13/ 12.1.23] ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കെട്ട് ഒഴിവാക്കി റോഡ് സംരക്ഷിക്കുന്നതിനായാണ് സ്വകാര്യ വ്യക്തിയുടെ സ്ഥലത്തു കൂടി കാനനിർമ്മിച്ചതെന്ന് വ്യക്തമാക്കി. പ്രസ്തുത വ്യക്തി ലഭ്യമാക്കിയ ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോമും കരമൊടുക്കിയ രസീതും മറുപടിക്കൊപ്പമുണ്ട്. ജോലി തിരക്കുമൂലം യഥാസമയം ആസ്തിയിൽ ചേർക്കാൻ കഴിഞ്ഞില്ലെന്നും തുടർ നടപടി വൈകാതെ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ സ്ഥലം ആസ്തിയിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | 159/22 പെയിൻ പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 199818 | 28/22 പെയിൻ പാലിയേറ്റീവ് കെയർ | 199818 | 0 |
| | | 267992 | 108/22കോവിഡ് | 267992 | |

| | | | | | |
|---|---|---|---|---|---|
| | | | ജാഗ്രത | | |
| | | 1000000 | 63/22 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 1000000 | 0 |
| | | 500000 | 86/22 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം ജനറൽ | 500000 | 0 |
| | | 836165 | 185/22 കണിയത്ത് ക്ഷേത്രം വായനശാല റോഡ് പുനരുദ്ധാരണം വാർഡ് 11 | 836165 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | 1/22 ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി | 100000 | 0 |
| | | 346149 | 28/22 പെയിൻ പാലിയേറ്റീവ് കെയർ | 346149 | 0 |
| | | 135808 | 159/22 പെയിൻ പാലിയേറ്റീവ് കെയർ | 135808 | 0 |
| | | 1500000 | 32/22 ലൈഫ് ഭവന നിർമ്മാണം | 1500000 | 0 |
| | | 76000 | 37/22 ആശ്രയ | 76000 | 0 |
| | | 400000 | 54/22 ഭൂമി വാങ്ങൽ ജനറൽ | 400000 | 0 |
| | | 200000 | 63/22 അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| | | 150000 | 86/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 400000 | 104/22 പോലീസ് ക്വാർട്ടേഴ്സ് റോഡ് ബാക്കി ഭാഗം കട്ട വിരിക്കൽ വാർഡ് 9 | 400000 | |
| | | 398591 | 105/22 പ്രാണിയാട് കുളിമുട്ടം F H C ലിങ്ക് റോഡ് നിർമ്മാണം വാർഡ് 17 | 398591 | |

| | | | | |
|---|---|---|---|---|
| | 400000 | 197/22 പി കെ റോഡിൽ കാന നിർമ്മാണം | 400000 | |
| | 20000 | 237/22 ജനകീയ ഹോട്ടൽ | 20000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി മതിലകം | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (127/22) | 22100117/25-10-2021 | 1783500 | 0 | 1783500 UC ലഭിച്ചിട്ടില്ല |
| | | 22100579/23-2-2022 | 283700 | 0 | 283700 UC ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി മതിലകം | 12-ാം വാർഡ് കോളനിയിലെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (211/22) | 227/19-1-2022 | 36420 | 0 | 36420 UC ലഭിച്ചിട്ടില്ല |
| | | 22100390/20-1-2022 | 7064 | 0 | 7064 UC ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം. / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ കെ.യു.ആർ ഡി.എഫ്.സി ലോൺ | G O (MS) No. 100/2018/LSGD Dt.30.7.2018 G O (MS) No. 110/2018/LSGD Dt.13.8.2018 | 12471432 | 10330098 | 1070666 | 0 | 9259432 |

## 4-5 സ്ഥിരനിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10800000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 |
| 3 | ആകെ | 10800000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10800000 |

| | | | |
|---|---|---|---|
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | പാപ്പിനിവട്ടം സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് No:168370-168379 | 50,00,000 |
| | | No:169834-169843 | 50,00,000 |
| | | No:134062-134069 | 8,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2018-19 | 1-11 | 450 | മജീഷ | 1210103020/1.4.21 |
| 2018-19 | 1-11 | 360 | ജീജ വോൾഗ | 1210103043/1.4.21 |
| 2018-19 | 2-2 | 360 | അജി വി.സി | 1210103044/24.11.21 |
| 2019-20, 2020-21 | 1-25,1-22 | 7000 | അബ്ദുൾ റഹിമാൻ കുട്ടി | 1210101451/23.11.21 |
| 2010-11 | 2-3 | 100 | വി.വി. ഗംഗാധരൻ | 1210102948/29.12.21 |
| 2010-11 | 2-3 | 50 | ലജി മോഹൻദാസ് | 1210102950/29.12.21 |
| 2000-2001 | 3 | 25 | അബ്ദുൾ കാദർ | 1210103082/3.01.22 |
| 2002-2003 | 3-7 | 278 | ഓമന പി.ഡി | 1210103045/31.12.21 |
| ആകെ | | 8623 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2002-2003 | 3-21 | 2006-07 | 3.53.4 | KSEB യിൽ നിക്ഷേപം - പദ്ധതി പൂർത്തീകരണത്തിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. 26650/- രൂപ തടസ്സപ്പെടുത്തുന്നു. | 10.12 .2019-ൽ ടി തുക വിനിയോഗിച്ചിട്ടുണ്ട്. യൂട്ടി ലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. |
| 2 | 2014-2015 | 2-1 | 2016-17 | 2-1 അനുബന്ധം4 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | പരാമർശ പ്രകാരമുള്ള മുഴുവൻ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. |
| 3 | 2014-2015 | 2-8 | 2003-04 | 1-3 അനുബന്ധം3 | മൊബൈൽ ടവറുകൾ വസ്തുനികുതി അടവാക്കുന്നില്ല. | Vi/246 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ബിന്ദു ഓലപ്രത്ത് മതിലകം<br>ബി.എസ്.എൻ.എൽ മൊബൈൽ ടവർ<br>ലില്ലി ചേന്നൂർ മതിലകം<br>വിൽസൻ മഞ്ഞളി മതിലകം<br>എയർടെൽ മൊബൈൽ ടവർ<br>ഈ ഇനത്തിൽ നാളിതു വരെയുള്ള ലൈബ്രറി സെസ് 6765/- രൂപ വസ്തു നികുതി 135300/- രൂപ പിഴ പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | ഉൾപ്പെടെ 2016 - 17 സാമ്പത്തികവർഷം വരെയുള്ളത് അടവാക്കിയിട്ടുണ്ട്. രസീത് നം. 11614500094/10.03.2017<br>X/285<br>മൊബൈൽ ടവറിന്റെ വസ്തുനികുതി 2018 - 19 സാമ്പത്തികവർഷം വരെയുള്ളത് 30.3.2019 ലെ 118140107431 രശീത് പ്രകാരം അടവാക്കിയിട്ടുള്ളതാണ്.<br>X/232<br>മൊബൈൽ ടവറിന്റെ വസ്തുനികുതി 2018 - 19 സാമ്പത്തികവർഷം വരെയുള്ളത് 23.3.2019 ലെ 118140500029 രശീത് പ്രകാരം അടവാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88817139.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83884469.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

-

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT12-1228/97 Dt. 01.10.97 | 3 | 3-1(i, Ii, Iii), 3-2 3-5(A,B) | SCH |
| 2 | 1997-98 | LFT19-791/99 Dt. 15.12.99/01.02.00 | 3 | 40, 47, 63 | SCH |
| 3 | 1998-99 വരവ് | LFT19-950/2001 Dt. 17.10.01 31.12.01 | 1 | 24 | SCH |
| 4 | 1998-99 ചെലവ് | LFT19-1011/00 Dt. 03.10.00 13.11.00 | 1 | 10 ബി | SCH |
| 5 | 1999-2000 (ചെലവ്) | LFT19-917/2001 Dt. 17.10.2001 | 2 | 32(1),(2), 33(1) | SCH |
| 6 | 2000-01 2001-2002 (ജനകീയാസൂത്രണം) | LFT12-1428/03 Dt. 06.12.03/ 14.01.04 | 2 | 9(3)(4)(5)(8)(10) 9(1)(2)(7) | SCH |
| 7 | 2002-2003 | No.LFT 12-918/05 Dt. 02.12.05/ 31.05.06 | 1 | 3-21 | CAR |
| 8 | 2007-08 | LFT.(P3)2113/11 Dt. 25.05.2012/ 09.08.2012 | 2 | 3-7, 3-9എ | 3-9എ - CAR |
| 9 | 2010-11 | LFT.P3-1977/12 Dt. 13.02.13/ 07.05.13 | 2 | 3-10, 3-17 | |
| 10 | 2011-12 | LFT.(P3)-337/13 Dt. 01.08.13/ 11.11.13 | 1 | 3-15 | |
| 11 | 2012-13 | LFT.P3-87/2014 Dt. 22.07.14/ 18.9.14 | 1 | 3-5 | |
| 12 | 2014-15 | KSA TSR(P3)- | 3 | 2-1, 2-8, 3-5 | 2-1 –CAR |

| | | | | | |
|---|---|---|---|---|---|
| | | 1276/16 Dt. 29.7.2016 | | | 2-8 –CAR |
| 13 | 2015-16 | KSA TSR(P3)-1735/16 Dt. 19.10.2016 | 1 | 2-3 | |
| 14 | 2016-17 | KSA TSR(P3)-1315/17 Dt. 23.09.17/ 16.11.17 | 4 | 3-4, 3-12(5), 3-8, 3-10 | |
| 15 | 2017-18 | KSATSR(P3)-32/2019 Dt. 12.06.2019 | 2 | 3-7(3), 3-11 | |
| 16 | 2018-19 | KSATSR(P3)-371/2020 Dt. 02.6.20 | 5 | 1-12, 1-13, 1-20, 1-31, 1-32 | |
| 17 | 2019-20 | KSA.TSR (P-9)-1569/2021 , Dtd. 25. 06. 2022 | 35 | 1-9,1-10,1-11,1-12,1-13,1-14, 1-15,1-16,1-17,1-18,1-19,1-20, 1-21,1-22, 1-23,1-24,1-25,1-26, 1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38, 1-39,1-40,1-41,2-1,4-1. | |
| 18 | 2020-21 | KSA.TSR.(P-9)-1570/2021 , Dtd. 25.06.2022 | 30 | 1-8,1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24,1-25, 1-26,1-27,1-28,1-29, 1-30,1-31,1-32, 1-33,1-34,2-1,3-1,4-1,4-2. | |
| | ആകെ | | 99 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്